## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2377 — 05.02.2018-ലെ മറുപടിയ്ക്ക്

## കായികമേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിലെ കായികമേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ അന്താരാഷ്ട്ര നിലവാരമുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) | കേരളത്തിലെ കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ അന്തരാഷ്ട്ര നിലവാരമുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്<br>1) എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ<br>2) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി<br>**<u>1) അത് ലറ്റിക്സ് - എലൈറ്റ് അത് ലറ്റിക്സ് ട്രെയിനിംഗ് സെന്റർ</u>**<br>കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ /കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്കീമിന്റെ ഭാഗമായി 13 കായിക താരങ്ങളെ തെരഞ്ഞെടുത്ത്, എൽ.എൻ.സി.പി.ഇ.കാര്യവട്ടം പരിശീലന സെന്ററിൽ പരിശീലനം നൽകി വരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ |
| (ബി) | ഈ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കായികതാരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. പ്രസ്തുത സെന്ററിൽ പരിശീലനം നേടി വരുന്ന മുഹമ്മദ് അനസും, അനിൽഡ തോമസും റിയോ ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുകയുണ്ടായി.<br>**2) വോളിബോൾ - ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ**<br>കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളിബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിച്ചിട്ടുണ്ട്. 18 കായിക താരങ്ങളെ തെരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.<br>**3) ഫെൻസിംഗ്**<br>എലൈറ്റ് ഫെൻസിംഗിന് സ്കീമിൽ 5 കായിക താരങ്ങളെ തെരഞ്ഞെടുത്ത് കൊച്ചി കടവന്ത്ര ആർ.എസ്.സിയിൽ മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു.<br>**4) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി.**<br>2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി തെരഞ്ഞെടുത്ത അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ് ലിങ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ ലക്ഷ്യത്തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**